കുട്ടിന് തരുന്ന വാക്ക്

നിരഞ്ജൻ

കുട്ടിന് തരുന്ന വാക്ക്
നിരഞ്ജൻ
(മലയാളം: കവിത)

© 2021, Niranjan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Good-bye-ee, a painting by William Orpen (1878–1931). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 കുട്ടിന് തരുന്ന വാക്ക് 4

2 നഗരത്തിന്റെ സായാഹ്നഭൂപടത്തിൽ ചില അടയാളപ്പെടുത്തലുകൾ 5

3 സ്ഥലജലവൈദ്യുതിഭ്രമം 220 V 50 Hz 6

4 രാവിലെ 7

5 യാത്ര 8

1

കൂട്ടിനിരുന്ന വാക്ക്

കടപുഴകി വീഴാൻ പോകുന്ന
ഒരു മരത്തിന്
എന്റെ ആഴമേയെന്ന്
വേരുകളാൽ കൂട്ടിപ്പിടിച്ച മണ്ണിൽ നിന്ന്
പിടിവിട്ടുപോകുന്ന നിമിഷത്തിൽ

തകർന്നമരാൻ പോകുന്ന
ഒരു ചില്ലയുടെയറ്റത്ത്
അവസാനത്തെ നനവും
ശ്വാസവുമെടുത്ത്
പൂക്കുന്ന പൂവു പോലെ
ഒരൊറ്റ വാക്ക്

നിനക്ക്
തരാൻ വേണ്ടി തിരയുന്നത്
അതാണ്.

2

നഗരത്തിന്റെ സായാഹ്നഭൂപടത്തിൽ ചില അടയാളപ്പെടുത്തലുകൾ

രക്തസാക്ഷിമണ്ഡപത്തിനു മുമ്പിൽ
മുഷ്ടി ചുരുട്ടിയുയർത്തി
കാലഘട്ടത്തിന്റെ ഗൗരവം
മൗനമായ് ചാർത്തി
ഓർമ്മകളിലേക്കു കൂർത്തു നിൽക്കുന്ന
സ്തൂപികാഗ്രിതവനങ്ങൾ...

പോകുവെയിലിന്റെ ഇളം ചൂടിലും
പാർക്കിൽ നിലം പതിഞ്ഞ്
പുലരിമഞ്ഞു തേടി വിരലുകളിഴയുന്ന
പ്രണയത്തിന്റെ സാവന്നകൾ

പെൻഷൻ പരിഷ്കരണത്തിന്റെ
സായാഹ്നചർച്ചയിൽ വേരാഴ്ത്തി
തഴമ്പുവന്നു തേഞ്ഞ
സിമന്റു ബെഞ്ചിനു ചുറ്റും
വട്ടം കൂടി നിൽക്കുന്ന
ഇലപൊഴിയും കാടുകൾ

അമ്പതു കഴിഞ്ഞ
സൈബീരിയൻ ശൈത്യം
കുശുകുശുപ്പിലുരഞ്ഞു
തീപ്പിടിച്ചകറ്റുന്ന
കൊച്ചമ്മമാരുടെ ക്ലബ്ബിലെ
തുന്ദ്രാ പ്രദേശം
പരുക്കൻ ലഹരിയുടെ
നില്പൻ കൗണ്ടറിൽ
ആടിയുലഞ്ഞു കത്തുന്ന
ആൺവിയർപ്പിന്റെ
ഉഷ്ണമേഖലാവനങ്ങൾ

നഗരഭൂപടത്തിന്റെ
അരികുപറ്റിയൊഴുകുന്ന
അഴുക്കുചാൽ ചെരുവിൽ
ചതഞ്ഞരഞ്ഞ വസന്തം
പാടുകൾ വീഴ്ത്തിയ
പച്ചപ്പാവാടയ്ക്കൊപ്പം
കീറിപ്പറിഞ്ഞ ഭൂമിശാസ്ത്രം ടെക്സ്റ്റ്...

(ഏപ്രിൽ 2011)

3

വൈദ്യുതി ഉത്പാദനം 220V 50 Hz



ഇതിപ്പഴിങ്ങനെ
കുറവനും കുറത്തിക്കുമിടയിലെ
ഇടുക്കി ഡാം പോലെ
നെഞ്ചിലിങ്ങനെ കെട്ടിക്കിടന്നിട്ട്
നിനക്കെന്താണുപകാരമെന്നോർക്കുമ്പഴാണ്...

എന്നാപ്പിന്നെ
അതങ്ങോട്ടൊഴുക്കിവിട്ട്
ആ ടർബൈനൊന്ന കറക്കിത്തിരിച്ച്
കമ്പികളിൽ ഊഞ്ഞാലാടിവന്ന്
ചുവപ്പുലൈറ്റ് കത്തുന്ന
മീറ്ററിനേം കളിപ്പിച്ച്
ഒച്ചയുണ്ടാക്കാതെ
വീട്ടിൽ വന്നുകയറി
മിക്സിയുടെ സ്വിച്ചും ചാടി
ഗുർർർർർർർർർർ... എന്ന്
നിനക്ക് ചട്ണിയരച്ചുതരാൻ തോന്നുന്നത്...

ശൂർർർർർർർർർർ... എന്ന്
ഫാനായിത്തിരിഞ്ഞ്
നിന്റെ മൂക്കിൻതുമ്പിലെ വിയർപ്പിൽ
തുരുതുരുന്നനെ...,
ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്... എന്ന്
ഇസ്തിരിച്ചൂടായി
നീ മടക്കിവെച്ച കുപ്പായങ്ങളിൽ
പതുപതുങ്ങനെ...,
ഉമ്മവെക്കണമെന്ന തോന്നുന്നത്...

ടാങ്കിലേക്കുള്ള മോട്ടോർ
സിങ്കിലെ വെള്ളം
കുളിമുറിയിലെ വെളിച്ചം
മൊബൈലിന്റെ ചാർജ്ജ്...
പതുക്കെവെച്ച പാട്ട്
നീ തൊടുന്നതെല്ലാം
നിന്നെത്തൊടുന്നതെല്ലാം
തൊട്ടുകൊണ്ടേയിരിക്കാൻ തോന്നുന്നത്

രാത്രിയിൽ നെടുവീർപ്പുകളോടൊപ്പം
നീയടച്ചുവെക്കുന്നതെല്ലാം
ങുർർർർർർർർർ... എന്ന് ഫ്രിഡ്ജായി മൂളി
തണുപ്പിക്കാൻ തോന്നുന്നത്
രാവിലെ പാൽപ്പാത്രമെടുക്കാൻ
നിന്റെ കൈച്ചൂടുവരുന്നതും കാത്ത്
വെറുതേ ഇരിക്കാൻ തോന്നുന്നത്...

— 4 —

രാവിലെ



വസന്തത്തിന്റെ സാരിക്ക്
ഞൊറിപിടിച്ചുകൊടുക്കുന്ന
മുന്താണിത്തുമ്പിൽ തലതുവർത്തിയ
മഴ നനഞ്ഞ ഒരു കാറ്റ്...

5

ചിത്രം

ഒരു കുഞ്ഞുസന്തോഷത്തിന്റെ
പഞ്ചസാരത്തരിയുമായി
ഒരു കുഞ്ഞുറുമ്പുചിന്ത...
മണൽത്തരിപ്പോറലുകൾ
എറ്റിച്ചു കളിക്കുന്ന
വിഷാദത്തിന്റെ
ആയിരം കുഴിയാനകൾ.

□

നിരഞ്ജൻ

പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം.
മറൈൻ എൻജിനീയർ, വിവാഹിതൻ.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014